# തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്

(സാന്നിദ്ധ്യം: പി.ആർ.ബാലചന്ദ്രൻ നായർ)

## സംഗ്രഹം

ക്ഷേത്ര ജീവനക്കാർ, ദേവസ്വം ഗാർഡുകൾ എന്നീ വിഭാഗങ്ങളുടെ ദേശീയ അവധി വേതനം - ദിനങ്ങൾ നിശ്ചയിക്കുന്നത് സംബന്ധിച്ച് -- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 3374/11/Est-I** നന്തൻകോട് **19/2/2015**

---

പരാമർശം :- (1) 27-09-2012 ലെ ROC 87/12/Est-1 നമ്പർ ബോർഡുത്തരവ്.

(2) ദേവസ്വം കമ്മീഷണറുടെ 06-11-2012 ലെ ROC 5590/12/Mis-A നമ്പർ റിപ്പോർട്ട്.

(3) തിരുവിതാംകൂർ എംപ്ലോയീസ് ഫ്രണ്ട് ജനറൽ സെക്രട്ടറിയുടെ 03-01-2014 ലെ കത്ത്.

## ഉത്തരവ്

ക്ഷേത്ര ജീവനക്കാർക്കും ദേവസ്വം ഗാർഡുമാർക്കും ദേശീയ അവധി വേതനം നൽകുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായ വ്യവസ്ഥകൾ നിശ്ചയി ക്കുന്നതിലേയ്ക്ക് പരാമർശം (1) ഉത്തരവ്പ്രകാരം രൂപീകരിച്ച കമ്മിറ്റി 31-10-2012 -ൽ ചർച്ച നടത്തിയിട്ടുള്ളതാണെന്നും പ്രസ്തുത ചർച്ചയിലെ തീരുമാനങ്ങൾ വിവരിച്ചുള്ള ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം -2).

ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടും സൂചന (3) ലെ ആവശ്യവും ബോർഡ് വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ക്ഷേത്ര ജീവനക്കാർക്കും ദേവസ്വം ഗാർഡുകൾക്കും അവധി വേതനം നൽകുന്ന കാര്യത്തിനായി ചുവടെ വിവരിയ്ക്കുന്ന ദിനങ്ങൾ ദേശീയ അവധി ദിവസങ്ങളായി നിശ്ചയിച്ച് ബോർഡുത്തരവാകുന്നു.

| നമ്പർ | ക്ഷേത്ര ജീവനക്കാർ | ഗാർഡ്സ് |
|---|---|---|
| 1 | ശിവരാത്രി | റിപ്പബ്ലിക് ദിനം |
| 2 | വിഷു | മേയ് ദിനം |
| 3 | വിനായക ചതുർത്ഥി | സ്വാതന്ത്ര്യദിനം |
| 4 | ഒന്നാം ഓണം | തിരുവോണം |
| 5 | രണ്ടാം ഓണം | വിഷു |
| 6 | മൂന്നാം ഓണം | |
| 7 | നാലാം ഓണം | |
| 8 | ദുർഗ്ഗാഷ്ടമി | |
| 9 | മഹാനവമി | |
| 10 | വിജയദശമി | |
| 11 | റിപ്പബ്ലിക് ദിനം | |
| 12 | മേയ് ദിനം | |
| 13 | സ്വാതന്ത്ര്യദിനം | |

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി
(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-
1. എല്ലാ ആഫീസ് മേധാവികൾക്കും
2. സെക്ഷൻ ഫയൽ
3. ഫയൽ ബുക്ക്
4. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK